LIBRARY ARCHIVES Kerala Legislative Assembly

ചിറ്റൂർ മേഖലയിൽ നാളികേരത്തിന്റെ ഉൽപ്പാദനം

92 [3820] ശ്രീ. കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാപകമായി തെങ്ങുകൃഷി ചെയ്യുന്ന ചിറ്റൂർ മേഖലയിൽ നാളികേരത്തിന്റെ ഉൽപ്പാദനം കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് കൃഷി വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) തെങ്ങിൽനിന്നും ഉൽപ്പാദനം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) തെങ്ങിൽനിന്ന് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

(1) സംസ്ഥാനാവിഷ്കൃത പദ്ധതികൾ മുഖാന്തിരം തെങ്ങുകൃഷിയിടങ്ങളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് കിണറുകളും പമ്പുസെറ്റുകളും സ്ഥാപിക്കൽ, സംയോജിത വളപ്രയോഗം ജൈവവള വിതരണം, സംയോജിത കീടരോഗ നിയന്ത്രണം, നല്ലയിനം തെങ്ങിൻ തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യൽ, അതുപോലെ വടക്കൻ ജില്ലകളിൽ കാറ്റുവീഴ്ച രോഗബാധിതമായ തെങ്ങുകൾ വെട്ടിനീക്കൽ എന്നിവയും ചെയ്യുന്നു. 975 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിരിക്കുന്നു.

(2) നാളികേര വികസനബോർഡ് പദ്ധതികൾ മുഖാന്തിരം കാറ്റുവീഴ്ച രോഗം ബാധിച്ച ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചു മാറ്റുന്നതിനും, കാറ്റുവീഴ്ച രോഗപ്രതിരോധനടപടികൾക്ക് ഊന്നൽ നൽകുന്ന പരിചരണ മുറകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുന്നതിനും, ജൈവവള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സഹായധനം നൽകുന്നു. റ്റി x ഡി തെങ്ങിൻ തൈകൾ വിതരണം നടത്തുന്നു. പ്രസ്തുത പദ്ധതിക്കായി 283.625 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

(3) ടെക്നോളജി മിഷൻ പദ്ധതി മുഖേന 2002-2003 വർഷം മുതൽ 2006-2007 വരെയുള്ള കാലയളവിൽ 694,261 കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതും 347,130 നല്ലയിനം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കുന്നതും 73524 ഹെക്ടർ കൃഷിയിടങ്ങളിൽ സംയോജിത വളപ്രയോഗം അവലംബിക്കുന്നതുമാണ്. ഈ സാമ്പത്തിക വർഷം 3.81 കോടി ഇതിനായി ചെലവഴിക്കുന്നതാണ്.